# അക്കാദമിക മാസ്റ്റർ പ്ലാൻ

## LP വിഭാഗം

2025-26

English. Std. I

Aim:- To speak read and write English.

| Aim | Activities | Time Period | Duty | Financial |
| --- | --- | --- | --- | --- |
| To attain the skills | To attain listening skills and reading skills.<br>Description<br>Action songs<br>Growing sentences<br>Picture reading<br>riddles, Rhymes. | June<br>July | class Tr<br>Parents | |
| Reading skills | Rhyming words, Describing words from text book activities. | July<br>August | class Tr.<br>parents | |
| Writting skills | Make word web<br>Picture description | September<br>October | class leader | |
| Writting skills | Word chain<br>Word web<br>Story telling<br>riddles<br>Conversation | November<br>December<br>January<br>February<br>March. | class Tr. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ക്ലാസ് - ഒന്ന്

## ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികാസമാണ് ഓരോ രക്ഷിതാവും ലക്ഷ്യം വയ്ക്കുന്നത്. എഴുത്ത്, വായന മറ്റ് അക്കാദമികമായ നേട്ടങ്ങൾ എന്നിവയോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈവരിക്കാനാവശ്യമായ ഇടപെടലുകളുമാണ് ലക്ഷ്യമിടുന്നത്. പഠനപ്രവർത്തനങ്ങൾ, ശിശുസൗഹാർദ്ദപരവും ആസ്വാദ്യകരവുമായി മാറുന്നതും അതോടൊപ്പം കുട്ടികളുടെ പഠന കാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ് വരുത്താനും പദ്ധതി ലക്ഷ്യമിടുന്നു.

### വിഷയം - മലയാളം

#### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക

- ലളിതമായ വായനാക്കാർഡുകൾ നിർമിക്കുന്നു വായിക്കുന്നു.
- ആത്മവിശ്വാസത്തോടെ സ്വതന്ത്രവായനയ്ക്ക് അവസരം ഒരുക്കുന്നു.
- സർഗ്ഗശേഷികൾ കൈവരിക്കുന്നു.

പ്രവർത്തന പദ്ധതി

ലക്ഷ്യം

1. ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.

ജൂൺ

ടീച്ചറും രക്ഷിതാക്കളും പറഞ്ഞ കഥയിലെ ആശയം മറ്റുള്ളവരുമായി പങ്കിടുന്നു.

ചിത്രവായന

ജൂലൈ

വീട്ടുവായന - രക്ഷിതാക്കൾ പുസ്തകങ്ങൾ വായിച്ച് കേൾപ്പിക്കുന്നു. കേട്ട കഥയിലെ ആശയത്തെ ചിത്രീകരിക്കുന്നു ക്ലാസ് ലൈബ്രറി ശക്തമാക്കുന്നു.

ആഗസ്റ്റ്

കഥയുടെ പുനരവതരണം വ്യത്യസ്ത വ്യവഹാര രൂപങ്ങളിലൂടെയും ചെറുപാവകളുടെ സഹായത്തോടെയും അവതരിപ്പിക്കാൻ അവസരം.

സെപ്തംബർ

ചിത്രവായന നടത്തി കാര്യങ്ങൾ വാചികമായി പങ്കിടുന്നു ചിത്ര വായനാ കാർഡുകൾ തയ്യാറാക്കൽ.

ഒക്ടോബർ

ലഘുവായ വായനാ കാർഡുകൾ വായിക്കുന്നു വേദികളിൽ സ്വന്തമായി കഥ പറയൽ

നവംബർ

ചിത്രത്തെ അടിസ്ഥാനമാക്കി കുട്ടി പറയുന്ന കഥ ടീച്ചറും രക്ഷിതാക്കളും എഴുതുന്നു. കുട്ടി സഹായത്തോടെ വായിക്കുന്നു.

ഡിസംബർ

കുട്ടികൾ നിർമ്മിച്ച കഥകളുടെ പ്രകാശനം

ജനുവരി

ടീച്ചർ തയ്യാറാക്കിയ കഥകൾ കുട്ടികൾ വായിക്കുന്നു

ഫെബ്രുവരി

ചെറിയ ബാലസാഹിത്യ കൃതികൾ ക്ലാസ് ലൈബ്രറിയിൽ ഒരുക്കുന്നു. കുട്ടികൾ വായിക്കുന്നു. ചിത്രകഥാ പുസ്തകങ്ങൾ വായിക്കുന്നു, സ്വതന്ത്ര വായന, സചിത്ര പുസ്തകങ്ങൾ വായിക്കുന്നു.

ലക്ഷ്യം - 2

എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ എഴുതി മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവു നേടുമെന്ന് ഉറപ്പു വരുത്തുക. ചിത്രങ്ങൾക്ക് രക്ഷിതാവിന്റെ സഹായത്തോടെ അടിക്കുറിപ്പെഴുതുന്നു. ഡയറി എഴുത്ത്, സഹായത്തോടെ കഥ പൂരിപ്പിക്കൽ, കാർട്ടൂണുകൾക്ക് സംഭാഷണമെഴുതൽ, വരികൾ കൂട്ടിച്ചേർക്കുന്നു. ചിത്രം നൽകി അതിൽ നിന്ന് പതിപ്പ് ഉണ്ടാക്കുന്നു. കഥ ഉണ്ടാക്കുന്നു. സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു.

# ഗണിതം

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
- അഞ്ച് വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

### ജൂൺ

സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം

സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.

സംഖ്യാകാർഡ് നിർമ്മിക്കൽ.

### ജൂലൈ

ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.

### ആഗസ്റ്റ്

1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ

വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ

### സെപ്റ്റംബർ

സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ

രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലന ക്രിയ നടത്തൽ

### ഒക്ടോബർ

ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ

# ഗണിതം

ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ചു വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു.
- അഞ്ച് വരെയുള്ള എണ്ണങ്ങൾ പകുതി, തുല്യം, കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

ജൂൺ

സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം
സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.
സംഖ്യാകാർഡ് നിർമ്മിക്കൽ.

ജൂലൈ

ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.

ആഗസ്റ്റ്

1 മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനങ്ങൾ
വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനങ്ങൾ

സെപ്റ്റംബർ

സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയ നടത്തൽ

ഒക്ടോബർ

ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയൽ

നവംബർ

സംഖ്യാ ഗാനങ്ങൾ പാടുന്നു.
ഗണിത പ്രവർത്തനങ്ങൾ ആസ്വാദ്യകരമാക്കുന്നു.

ഡിസംബർ

സംഖ്യകളെ സുപരിചിതമാക്കാൻ വർക്ക് ബുക്ക് പ്രവർത്തനങ്ങൾ
My work book തയ്യാറാക്കൽ

ജനുവരി

ഒറ്റ സംഖ്യയും രണ്ടക്ക സംഖ്യകളും വ്യവകലന പ്രവർത്തനങ്ങൾ.

ഫെബ്രുവരി

സങ്കലനം, വ്യവകലനം (+, -) എന്നീ ചിഹ്നങ്ങളുടെ തിരിച്ചറിവ് നേടുന്നു.

മാർച്ച്

ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു
സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയൽ പ്രവർത്തനങ്ങൾ ഗണിത കിറ്റിലൂടെ സാധ്യമാക്കൽ.

STD: -2

# അക്കാദമിക മാസ്റ്റർ പ്ലാൻ

## മലയാളം

### പ്രവർത്തന ലക്ഷ്യങ്ങൾ

* രണ്ടാം ക്ലാസിലെ ഓരോ കുട്ടിയും സന്ദർഭത്തിന അനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതി നുള്ള ശേഷി നേടുന്നതിന
* എല്ലാ കുട്ടികളുടെയും ആശയഗ്രഹണ വായന ഉറപ്പാക്കുക.
* എല്ലാ കുട്ടികളെയും ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കുക
* ആശയം, ഈണം, താളം എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് കവിതകൾ എഴുതുകയും ചൊല്ലുകയും ചെയ്യുക.

### പ്രവർത്തനങ്ങൾ

ജൂൺ

* ചിത്രകാർഡ് നൽകൽ
* പ്രദർശനത്തിന് ക്ലാസിൽ അവസരം ഒരുക്കൽ
* വായനാ സാമഗ്രികൾ നിർമ്മിക്കൽ
* വായനയും എഴുത്തും വികസിപ്പിക്കൽ

ജൂലൈ

* സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി എന്നിവ സജ്ജീകരിക്കുന്നു.
* ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.

ആ വീട്ടിൽ ലൈബ്രറി ഒരുക്കൽ
ചിത്രവിവരണം
വായനാതലത്തിലെത്തിച്ച് പുസ്തകവ്യവഹാരരൂപങ്ങൾ ഉണ്ടാക്കുന്നു.

<u>സെപ്റ്റംബർ</u>

കഥയെ ചിത്രങ്ങളാക്കൽ
കഥയിൽ നിന്ന് സംഭാഷണം ഒരുക്കൽ
കഥയിൽ നിന്ന് ചോദ്യങ്ങൾ ഉണ്ടാക്കൽ

<u>ഒക്ടോബർ</u>

കേട്ടതോ വായിച്ചതോ ആയ കഥകൾ സ്വന്തം രീതിയിൽ വാചികമായി അവതരിപ്പിക്കൽ

<u>നവംബർ</u>

സ്വതന്ത്രമായ സർഗ്ഗാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടൽ

<u>ഡിസംബർ</u>

ലേഖനപ്രവർത്തനങ്ങളിൽ ഏർപ്പെടൽ

<u>ജനുവരി</u>

കവിതാ പൂരണം
ലഘുവിവരണങ്ങൾ എഴുതാനും വായിക്കാനും അവസരം ഒരുക്കൽ

<u>ഫെബ്രുവരി</u>

സ്വതന്ത്രമായ സർഗ്ഗാത്മകപ്രവർത്തനങ്ങളിൽ ഏർപ്പെടൽ

<u>മാർച്ച്</u>

സൃഷ്ടിരചനയെ പ്രോത്സാഹിപ്പിക്കൽ
പതിപ്പുകൾ, മാഗസിനുകൾ തയ്യാറാക്കൽ

# Academic Master Plan

## ഗണിതം   ക്ലാസ് - 3

പഠനപ്രവർത്തനങ്ങളെ കളികളുമായും സർഗാത്മക പ്രവർത്തനങ്ങളുമായും കണ്ണി ചേർത്തുകൊണ്ടുള്ള ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസിലെ ഗണിതം അവതരിപ്പിക്കുന്നത്. കുട്ടികളുടെ താത്പര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്ന വിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തിചിന്ത, വിശകലനാത്മക ചിന്ത, പ്രശ്നപരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്.

ഒരക്കം മുതൽ മൂന്നക്കം വരെയുള്ള സംഖ്യകൾ കുട്ടികൾ പരിചയപ്പെട്ടിട്ടുണ്ട്. 2000 വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടി വരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസിലെ ഗണിതപഠനം ലക്ഷ്യം വയ്ക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസിൽ ലക്ഷ്യമിടുന്നു. രണ്ട് മൂന്നക്ക സംഖ്യകളുടെ സങ്കലനക്രിയ ചെയ്യുന്നതിനുള്ള വ്യത്യസ്ത വഴികൾ പരിചയപ്പെടുത്തുന്നു.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ

## ജൂലൈ – ആഗസ്റ്റ്

* ഗണിതപ്പെട്ടി നിർമ്മാണം
* 1 മുതൽ 100 വരെ എഴുതിയ ടോക്കൺ, കളി-നോട്ടുകൾ, ഓരോ നോട്ടുകളും 10 എണ്ണം വീതം
* കമ്പ് കെട്ടുകൾ
* സംഖ്യാ സ്ട്രിപ്പുകൾ
* അബാക്കസ് നിർമ്മാണം

## ആഗസ്റ്റ് – സെപ്റ്റംബർ

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

## ഒക്ടോബർ

സ്കെയിൽ നിർമ്മാണം.
കുട്ടികളുടെ ഉയരം, ഭാരം, വണ്ണം എന്നിവ കണ്ടെത്തൽ.

## നവംബർ – ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം.

## ജനുവരി – ഫെബ്രുവരി

സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം.

# Academic Master Plan English Std III

AIM
To speak, read and write English without any mistakes.

Time June to March.

To check the vocabulary and writing skills of pupils.

Activities

June and July.

Pretest

To develop listening skills and reading skills

Listening skills

Games, Action songs.

* Hello English Activities
* Conversations
* Skit
* stories
* Use ICT.

Speaking skills

* Identify the naming words from the picture.
* Identify the action words from the picture
* Make simple sentences using the word about the picture
* Make simple description about the picture.
* Growing sentences
* Picture reading.
* Self introductions

August and September

* Develop the creative speaking and drawing.

Reading Skills

* Books reading
* find words
* collect and read past tense
* rhyming words
* describing words
* Text book activities.

Writing skills

* Make word web.
* picture description with describing word
* word chain, sentence chain
* make words & sentences.
* make riddles, conversations.
* Add more lines.

October and November

To express thoughts feelings etc

Reading skills

* Library book reading
* Conversation
* Skit
* Stories.
* Use ICT.
* Read Notice
* Develop story.

Writing skills

Description

Thoughts.

December and January

Develop the creative speaking and writing

Reading Skill

Library book reading

* Conversations, skit, stories
* Use ICT
* Develop story
* Reads Diary

Writing Skills

Diary announcement

February and March

To improve the presentation paper

Reading Skills

Library books reading

Conversations

skit

Stories

Writing Skills

* Diary
* Descriptions
* Thoughts
* Edition

# അക്കാദമിക മാസ്റ്റർ പ്ലാൻ. 2025-2026

## മലയാളം. ക്ലാസ്സ് - 3.

ലക്ഷ്യം.

→ വിദ്യാർത്ഥികൾക്ക് ശുദ്ധമായി മലയാളം വായിക്കാനും എഴുതാനും, സംസാരിക്കാനും കഴിയേണ്ടതാണ്.

ജൂൺ - മാർച്ച്

→ ശബ്ദകോശം വർദ്ധിപ്പിക്കൽ

→ എഴുത്ത്, വായനാശേഷി വർദ്ധിപ്പിക്കൽ

ജൂൺ - ജൂലൈ

* Pre-test
* നിർദ്ദേശങ്ങൾ പാലിക്കാനുള്ള ശേഷിയും വായനാശേഷിയും വർദ്ധിപ്പിക്കുക

പ്രവർത്തനങ്ങൾ

→ ഭാഷാകേളികൾ, അഭിനയഗാനം

→ ഭാവാത്മക വായന

→ കഥ പറയൽ

→ അധ്യാപിക ഭാവാത്മകമായി പറയുന്ന കഥകൾ കേൾക്ക

→ ICT ഉപകരണങ്ങൾ ഉപയോഗിച്ച് കഥകളും പാട്ടുകളും കേൾക്കൽ.

→ ചിത്രവായന

→ കടങ്കഥ, പഴഞ്ചൊല്ല് ശേഖരണം, ക്ലാസ്സിൽ അവതരണം.

അനുബന്ധ ചിത്രം.

→ ചിത്രങ്ങൾ കാർഡ് വാക്കുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നു.

→ ചിത്രവിവരണം

ഫ്രോബൽ, പെസ്റ്റലോസി, ഹെർബാർട്ട്.

ലക്ഷ്യം.

കുട്ടികളുടെ ചിന്തയും ഭാവനയും വികസിപ്പിക്കുന്നു.

വ്യാകരണരീതി

→ പാഠപുസ്തകങ്ങൾ വായിക്കുന്നു.

→ വായിച്ചതിൽ നിന്നും പുതിയ വാക്കുകൾ കണ്ടെത്തുന്നു

→ പാഠപുസ്തകത്തിലെ ചോദ്യങ്ങൾ

→ വാക്കുകളുടെ അർത്ഥം നിർണ്ണയിക്കുന്നു

→ ചിത്രവിവരണം

→ വാക്കുകളും വാക്യങ്ങളും നിർമ്മിക്കുന്നു

→ ചോദ്യങ്ങൾ നിർമ്മിക്കുന്നു

→ ഉപന്യാസമെഴുത്ത്

→ വാക്കുകൾ കൂട്ടിച്ചേർത്ത് വാക്യങ്ങൾ ഉണ്ടാക്കുന്നു

ഡി. നാലമ്പർ, [illegible]

ലക്ഷ്യം.

കുട്ടികളുടെ വായനാ ശേഷി വർധിപ്പിക്കുക.

വായനാരീതി

ഭാഷാപുസ്തകങ്ങൾ വായിക്കുന്നു

കഥ, നോവൽ [illegible]

[illegible], [illegible]

* [illegible]
* [illegible]
* വായനക്കാർ [illegible]
  [illegible] വായനയിൽ [illegible]
* [illegible]

അക്കാദമിക മാസ്റ്റർ പ്ലാൻ. 2025 - 2026.

പരിസരപഠനം.

ക്ലാസ് : 3

ലക്ഷ്യം

* പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക.
* ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

* ജൂൺ - ഒക്ടോബർ

→ ചുറ്റുപാടുമുള്ള ജീവജാലങ്ങളെ തിരിച്ചറിയുന്നു

→ വിവിധ ആവാസവ്യവസ്ഥ അടുത്തറിയുന്നു

→ പോഷകങ്ങൾ മനസിലാക്കുന്നു

* പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കുന്നു

ചർച്ച - തെറ്റും ശരിയും

ജൂൺ - മാർച്ച്

* പൂന്തോട്ടം ഒരുക്കാം.

വീട്ടിൽ ഒരു പൂന്തോട്ടം നിർമിക്കൽ.

ജൂൺ - മാർച്ച്

* ഒരു തൈ നടാം

→ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ

→ നട്ട വൃക്ഷത്തെ പരിപാലിക്കൽ.

പോസ്റ്റർ നിർമ്മാണം.

→ പ്രവേശനോത്സവ പോസ്റ്റർ തയ്യാറാക്കൽ.

→ പതിപ്പുകളിൽ പതിക്കൽ.

മാർച്ച് - ജൂൺ - ജൂലൈ

→ പത്രത്താളിൽ വേണ്ടവ കണ്ടെത്തി ശേഖരിക്കാം.

→ ശാസ്ത്രവിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക.

ജനുവരി - മാർച്ച്

→ ഭൂമി നമ്മുടെ, പരിസ്ഥിതിയെ അനുഭവിക്കാനായി പഠനയാത്ര സംഘടിപ്പിക്കുന്നു. (പുഴ, വയൽ, കാട് ...)

ഡിസംബർ - ഫെബ്രുവരി

→ ശാസ്ത്രാഭിരുചി വളർത്തുന്ന പരീക്ഷണങ്ങളിൽ പങ്കെടുപ്പിക്കൽ

ഡിസംബർ - ഫെബ്രുവരി

→ മികച്ച ശാസ്ത്ര അദ്ധ്യാപകന്റെ സേവനം ലഭ്യമാക്കുക

ജനുവരി - മാർച്ച്

പഠിപ്പിക്കുന്നതിന് അവസരം.

## അക്കാദമിക മാസ്റ്റർ പ്ലാൻ.

### മലയാളം Std IV

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നടപ്പിലാക്കൽ ആവശ്യമായ സാമഗ്രികളുടെ | ലക്ഷ്യം നേടുന്നതു വരെ | SRG. ക്ലാസ്ടീച്ചർ |
| വായിക്കാം വളരാം. വായനാശീലം വളർത്തൽ | ക്ലാസ് വായനക്കൂട്ടം. ക്ലാസ് ലൈബ്രറി ഒരുക്കൽ പുസ്തക പരിചയം വായനാക്കുറിപ്പ് രചനാക്കുറിപ്പ് ആനുകാലിക വായന | വർഷം മുഴുവനും | HM SRG. ക്ലാസ്ടീച്ചർ CPTA |
| അക്ഷരം ഉറപ്പിക്കാം എഴുത്ത് പരിശീലനം | പാഠഭാഗങ്ങളിൽ നിന്നു നേടിയ അറിവുകൾ | വർഷം മുഴുവനും | SRG. ക്ലാസ്ടീച്ചർ |
| സർഗാത്മക രചന. | ആഴ്ചയിൽ ഒരു ദിവസം സർഗാത്മക രചന എഴുതിയത് പരിചയപ്പെടുത്തൽ ക്ലാസ്ഗ്രൂപ്പുകളിൽ പങ്കുവച്ചു പരിപോഷിപ്പിക്കാൻ | ജൂലൈ ആഗസ്ത് മുതൽ വർഷാവസാനം വരെ. | SRG. ഭാഷാധ്യാപകർ |
| ഓർക്കാം ആദരിക്കാം | സാഹിത്യകാരന്മാരുടെ ഓർമ്മദിനങ്ങൾ ആചരിക്കൽ - പുസ്തക പരിചയം | വർഷം മുഴുവൻ. | HM SRG കൺവീനർ ക്ലാസ്ടീച്ചർ |
| സർഗശേഷി ഉണർത്താം. | ഭാഷാപരമായി മികവ് തെളിയിച്ചവരെ അനുമോദിച്ച് അവരെ പ്രോത്സാഹിപ്പിക്കുന്നു | വർഷാവസാനം | HM SRG ക്ലാസ്ടീച്ചർ CPTA |

# English - Std. IV

| Aim | Activities | Time |
| --- | --- | --- |
| **English diary** | | |
| · Write English without any mistakes | · Write English diary including the daily activities in the school and the home | Daily |
| **English Theatre** | | |
| · creative development | · Skit, drama, conversation, story telling | once in a month |
| · **English magazine** | | |
| · Development of creative writing | · prepare magazine including the composition of children. | thrice in a month |
| · **Handwritten in English** | | |
| · develop excellence in English language | · write letters to friends about the activities in the school in the special days. | once in a month |
| · **English corner** | | |
| · nurturing reading | · prepare reading corner including English books according to the level of the children | |

# ഗണിതം.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചതുഷ്ക്രിയകൾ ലളിതമാക്കൽ | വിവിധതരം കളികളിലൂടെ (ഗുണിതവും ഹാരവും കളി, കട കളി, ഡയസ് കളി, കച്ചവടക്കളി ഇന്നർക്കരിൽ കളി) | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | |
| ഗണിതലാബ് | ഗണിതലാബ് ഉപയോഗപ്പെടുത്തി ഗണിത പഠനം രസകരമാക്കുക. | വർഷം മുഴുവൻ | SRG. ക്ലാസ് ടീച്ചർ | PTA |
| ഗണിതമേള | പസിൽ<br>പാറ്റേൺ<br>ജ്യാമിതീയരൂപങ്ങൾ<br>ഗെയിം<br>ഉപകരണങ്ങളുടെ - നിർമ്മാണം | | | |

# പരിസരപഠനം ക്ലാസ് 4

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല |
|---|---|---|---|
| · പ്രകൃതിനടത്തം<br>· നിരീക്ഷണം<br>· അറിവുനിർമ്മാണം | പാഠഭാഗവുമായി ബന്ധപ്പെട്ട് പ്രകൃതി നിരീക്ഷണം നടത്തൽ | ആവശ്യാനുസരണം | Class Tr.<br>Parents |
| * · ശാസ്ത്രപരീക്ഷണങ്ങൾ<br>ശാസ്ത്രപഠനം ലളിതവും രസകരവുമാക്കൽ | · ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങൾ സംഘടിപ്പിക്കൽ<br>· ശാസ്ത്രപഠനത്തിനാവശ്യമായ സാമഗ്രികൾ ഒരുക്കൽ<br>· നിരീക്ഷണത്തിലേർപ്പെടൽ<br>· നിഗമനത്തിലെത്തൽ | വർഷം മുഴുവൻ | അധ്യാപിക |
| * ഭൂപടമൊരുക്കാം<br>കേരളം - ഇന്ത്യ - ഭൂപടവായന | · ഭൂപടവായന<br>· ഭൂപടരചന | വർഷത്തിലൊന്ന് | അധ്യാപി |
| * ശാസ്ത്രമാസിക<br>· ശാസ്ത്രപഠനത്തിലൂടെ നേടിയ അറിവുകളുടെ രചന | · ശാസ്ത്രമാസികകളുടെ നിർമ്മാണം | വർഷത്തിലൊന്ന് | അധ്യാ |

അക്കാദമിക് മാസ്റ്റർ പ്ലാൻ

2025-26.

UP വിഭാഗം

SRG

All Subjects

# ACADEMIC MASTER PLAN - UP ENGLISH

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1. ശരിയായി ഇംഗ്ലീഷ് ശ്രവിക്കാനും അനായാസം സംസാരിക്കുവാനും അവസരം ഒരുക്കുന്നു. | Lend Your Ear: ലളിതവും രസകരവുമായി ഇംഗ്ലീഷ് റെക്കോർഡ് ചെയ്ത് കേൾപ്പിക്കുന്നു. ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് അനുയോജ്യമായ ഉത്തരങ്ങൾ നൽകുവാൻ കുട്ടിയെ പ്രോത്സാഹിപ്പിക്കുന്നു. | ജൂലൈ | English Teachers | English club. |
| | Follow me if you can! ഇംഗ്ലീഷിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പ്രവർത്തിക്കുവാനുള്ള പരിശീലനം നൽകുന്നു. | ജൂൺ | | |
| | Breaking News: English radio വാർത്തകൾ record ചെയ്ത് കേൾപ്പിക്കുന്നു. ശരിയായ ഉച്ചാരണം ശ്രവിക്കുവാൻ അവസരം ഒരുക്കുന്നു. | നവംബർ | | |
| | Missing Man: അധ്യാപികയും കുട്ടികളും തമ്മിലുള്ള സംഭാഷണം record ചെയ്ത് കുട്ടികളെ കേൾപ്പിക്കുന്നു. തുടർന്ന് അധ്യാപികയുടെ | ജൂൺ | | |

| | | | | |
|---|---|---|---|---|
| | സംഭാഷണം റിക്കാർഡ് ചെയ്ത് കുട്ടികളുടെ സംഭാഷണം മാത്രം കേൾപ്പിക്കുന്നു. രക്ഷിതാക്കളുടെ ഭാഗം മറ്റ് കുട്ടികൾക്ക് അവതരിപ്പിക്കുവാനുള്ള അവസരം ഒരുക്കുന്നു. | | English Teachers | English club |
| | Treasure Hunt: വ്യത്യസ്തമായ വസ്തുക്കൾ ഉപയോഗിച്ച് വിഭിന്ന അറകൾ ഉണ്ടാക്കുന്നു. ഓരോ അറകൾക്കും നമ്പർ നൽകി നറുക്കെടുപ്പിലൂടെ ലഭിക്കുന്ന വസ്തുവിനെക്കുറിച്ച് വർണിക്കുന്നു. വസ്തു എന്തെന്ന് മറ്റു കുട്ടികൾ തിരിച്ചറിയുന്നു. Point നൽകുന്നു. | ആഗസ്റ്റ് | | |
| | Meet the foreigner: നന്നായ് ഭാഷ സംസാരിക്കുന്ന വ്യക്തികളുമായി ആശയവിനിമയം നടത്തുവാനുള്ള അവസരം ഒരുക്കുന്നു. | Once in a year | | |
| | One Man Show: ആശയം നൽകി ഇംഗ്ലീഷിൽ ഏകാഭിനയത്തിന് പ്രോത്സാഹനം നൽകുന്നു | October | | |
| ഭാവാത്മക വായന പരിശീലിപ്പിക്കുന്നു. | I Too Can: വ്യത്യസ്ത തലങ്ങളിലായി വിവിധ വായന കാർഡുകൾ തയ്യാറാക്കുന്നു. തെറ്റുകൂടാതെ വായിക്കുവാൻ അവസരം നൽകുന്നു. ലളിതമായതിൽ നിന്നും സങ്കീർണമായതിലേക്ക് | July | | |

| | | | | |
|---|---|---|---|---|
| | Learning Ladder: പാഠഭാഗത്തു നിന്നും തെരഞ്ഞെടുത്ത കുറച്ചു വാക്യങ്ങൾ ചാർട്ടിലെഴുതി കണ്ണാടിയിൽ നിന്നു വായിക്കുവാൻ കുട്ടികൾക്ക് അവസരം നൽകുന്നു. മുഴുവൻ വാക്യങ്ങളും ശരിയായി വായിക്കുന്നവർക്ക് പടിപടിയായി ഏണിയുടെ ഉയരങ്ങൾ കീഴടക്കാൻ സാധിക്കുകയും ഒന്നാമതെത്തുന്ന സമ്മാനം ലഭിക്കുകയും ചെയ്യുന്നു. | September | | |
| | FM Corner: വ്യത്യസ്തമായ കഥകൾ Reader's Theatre. റേഡിയോനാടക രൂപത്തിൽ അവതരിപ്പിക്കുവാനുള്ള അവസരം നൽകുന്നു. | Once in a term | English Teachers | English club |
| | Reader of the Month: English ദിനപത്രം വായിക്കുവാൻ അവസരം നൽകി Reader of the Month നെ തെരഞ്ഞെടുക്കുന്നു. | every month | | |

| | | | |
|---|---|---|---|
| My Droplets: കുട്ടികളുടെ കലാസൃഷ്ടി ഉൾപ്പെടുത്തി ക്ലാസ് മാഗസിൻ, ചിത്ര dictionary എന്നിവ തയ്യാറാക്കുന്നു. | End of the year | English Teacher | English Club |
| Alert Zone: സൂചന ബോർഡുകൾ, posters, notices എന്നിവ സ്കൂൾ അന്തരീക്ഷത്തിലും ക്ലാസ് റൂമുകളിലുമായി പ്രദർശിപ്പിക്കുന്നു. | ദിനാചരണങ്ങളിൽ | | |
| Run Baby Run: ക്ലാസിനെ ഗ്രൂപ്പുകളാക്കുന്നു. ചാർട്ടിലെഴുതി പ്രദർശിപ്പിച്ച വാക്കുകൾ ഒരു പ്രാവശ്യം വായിച്ചതിനു ശേഷം, മറ്റൊരു ചാർട്ടിലേക്ക് തെറ്റുകൂടാതെ എഴുതുന്നു. ഏറ്റവും അധികം വാക്കുകൾ തെറ്റുകൂടാതെ എഴുതിയ ഗ്രൂപ്പിനെ വിജയികളായി പ്രഖ്യാപിക്കുന്നു. | February | | |
| Fun Time Funda: കടംകഥകൾ, കുസൃതി ചോദ്യങ്ങൾ, ഫലിതങ്ങൾ എന്നിവ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുവാൻ അവസരം നൽകുന്നു. | In English periods | | |

| | | | | |
|---|---|---|---|---|
| 4) English ഭാഷ ബോധ്യത്തെ ആത്മവിശ്വാസം ഉയർത്തുന്നു. | The Grand Camp: ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളെയും സമൂഹത്തിലെ മറ്റ് വ്യക്തികളെയും ഉൾപ്പെടുത്തി ഇംഗ്ലീഷ് അന്തരീക്ഷം സൃഷ്ടിച്ച് ഒരു English Camp നടത്തുന്നു 5,6,7 ക്ലാസുകളിലെ കുട്ടികൾക്ക് മുന്നോട്ടുവരാൻ അവസരം ഒരുക്കുന്നു<br>അഞ്ചാം ക്ലാസിനായി കഥാപാത്ര കഥയെഴുത്ത്, ആറിന് Role play, നാടകം എന്നിവ ഏഴാം ക്ലാസിന് കവിത പ്രച്ഛന്നവേഷരായി, ക്ലാസിൽ ടീവിയിലൂടെ പ്രസംഗം ഇടങ്ങിയവ. ഡോക്യുമെന്ററി / film ഷോ. | End of the year | English Teachers, PTA members, Parents. | English club |

# U.P ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 1) അടിസ്ഥാന ഗണിത ക്രിയകൾ എല്ലാ പഠിതാക്കൾക്കും ഉറപ്പ് വരുത്തുന്നു. | ഗണിത ശിൽപ്പശാല<br>കളി രീതിയിലൂടെ അടിസ്ഥാന ക്രിയകൾ ഉറപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുന്നു (നമ്പർ കാർഡ്സ്, മുത്തുകൾ, അരവിന്ദഗുപ്ത (സ്ട്രിപ്പ്) എന്നിവ ഉപയോഗിക്കുന്നു. | ജൂൺ മാസം | ഗണിത അധ്യാപകർ | |
| 2) രസകരമായ ഗണിത ശാസ്ത്രപഠനവും കരചലന ശേഷികളുടെ വികാസവും | ഒറിഗാമി ശിൽപ്പശാല<br>ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയുടെ ഗണിത സവിശേഷതകൾ ചർച്ചചെയ്യൽ, പ്രദർശനം സംഘടിപ്പിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | ഗണിത അധ്യാപകർ | |
| 3) ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ . | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിതലാബ് സജ്ജീകരിക്കൽ. ഗണിതലാബിൽ വെച്ച് ഗണിത ക്ലാസ് നടത്തൽ | ആവശ്യാനുസരണം | ഗണിത അധ്യാപകരും ഗണിത ക്ലബ് അംഗങ്ങളും | ഗണിത ക്ലബ്, P.T.A |

| | | | | |
|---|---|---|---|---|
| 4) ഗണിതം മധുരമാക്കാൻ | ഗണിത പാർക്ക്<br>ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയത്തിൽ പാർക്ക് സജ്ജമാക്കൽ | ഒരുപ്രാവശ്യം | ഗണിത ക്ലബ്ബ് | PTA ഗണിതക്ലബ്ബ് |
| 5) ഗണിത മേഖലയിലെ കുട്ടികളുടെ താൽപ്പര്യം വർദ്ധിപ്പിക്കാൻ | ഗണിത ഗ്രാമം.<br>ഗണിതത്തിൽ പ്രാവീണ്യമുള്ള അധ്യാപകരെ (മറ്റ് വിദ്യാലയങ്ങളിലും മറ്റ് മേഖലകളിലും പ്രവർത്തിക്കുന്നവർ) പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് താൽപ്പര്യമുണ്ടാകുന്ന രീതിയിൽ ക്ലാസുകൾ നൽകാനും ചെയ്യുന്നു. | വർഷത്തിൽ അഞ്ചോ, ആറോ തവണ | ഗണിത അധ്യാപകർ ക്ലബ്ബ് ലീഡർമാർ | PTA |
| 6) ആധുനിക സാങ്കേതിക വിദ്യാസൗകര്യങ്ങൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുന്നു. | ഐ.ടി. സാധ്യതകളിലൂടെ<br>ജ്യാമിതീയ രൂപങ്ങൾ, ചതുഷ്ക്രിയകൾ, ടാൻഗ്രാം ഇവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ I.T സാധ്യതകൾ ഉപയോഗപ്പെടുത്തിക്കൊണ്ട് കുട്ടികളിലേക്ക് എത്തിക്കാൻ എളുപ്പത്തിൽ കഴിയുന്നു. | മാസത്തിൽ ഒരുപ്രാവശ്യം | ഗണിത അധ്യാപകർ | |
| 7) ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ മുൻനിരയിൽ എത്തിക്കുന്നു. | ഗണിത ക്ലിനിക്ക്.<br>ഗണിതത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി ഗണിത അധ്യാപകരും മുൻനിരയിൽ നിൽക്കുന്ന കുട്ടികളും ചേർന്ന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നു. പോരായ്മകൾ കണ്ടെത്തി ആവശ്യമായ പ്രവർത്തനങ്ങൾ നൽകുന്നു | ആഴ്ചയിൽ ഒരു പിരീഡ് | ഗണിത അധ്യാപകരും സമർത്ഥരായ കുട്ടികളും. | |

## യു.പി. സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. SS ന്റെ അടിസ്ഥാനപരമായ അറിവുകൾ, ആശയങ്ങൾ ഇവ പരിശോധിക്കൽ ഉറപ്പാക്കൽ | അന്താരാഷ്ട്ര തലം മുതൽ ജില്ലാതലം വരെയുള്ള നദികൾ, ഭൂപ്രകൃതി, സ്ഥലനാമങ്ങൾ, വൈവിധ്യങ്ങൾ തുടങ്ങിയ അടിസ്ഥാനവിവരങ്ങൾ ആസ്പദമാക്കി ICT സാധ്യതകൾ ഉപയോഗിച്ച് മെമ്മറി ടെസ്റ്റ് നടത്തുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2. ജനാധിപത്യപരമായ ജീവിത സമീപനം രൂപപ്പെടുത്തുക. | ഗ്രാമസഭ, വാർഡ് സഭ എന്നിവയിൽ മാതാപിതാക്കളോടൊപ്പം പങ്കെടുത്ത് ജനാധിപത്യ രീതിയുടെ അടിസ്ഥാനതലം മനസ്സിലാക്കുന്നു. | | |
| 3. സഹജീവികളോട് സമഭാവന വളർത്തിയെടുക്കാൻ പ്രോത്സാഹിപ്പിക്കുന്നു. | പ്രകൃതി ദുരന്തങ്ങൾ സംഭവിച്ച സ്ഥലങ്ങൾ, ഇരകളായ വ്യക്തികൾ എന്നിവരെ സന്ദർശിച്ച് വിദ്യാർത്ഥികൾക്ക് അവരെ സഹായിക്കാൻ കഴിയുന്ന സേവനം ചെയ്യാൻ അവസരം നൽകുന്നു. മിതവ്യയ ശീലത്തിന്റെ ഭാഗമായി കുട്ടികൾ സ്വരൂപിച്ച സാധനസാമഗ്രികൾ ദുരന്തബാധിത പ്രദേശങ്ങളിൽ ആശ്വാസസ്പർശമാകുന്നു. | | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4 ഭൂമിയുടെ സാങ്കൽപിക രേഖകൾ മനസ്സിലാക്കുക | ഗ്ലോബ് നിർമ്മാണം - ഭൂമിയുടെ സാങ്കൽപിക രേഖകളായ അക്ഷാംശരേഖാംശങ്ങൾ, ഭൂമധ്യരേഖ, ഉത്തരായനരേഖ, ദക്ഷിണായനരേഖ എന്നിവ മനസ്സിലാക്കാൻ കഴിയും. ഇതിനായി 500 GSM ചാർട്ട് ഉപയോഗിച്ച് (വിവിധ അളവുകളിൽ) തയ്യാറാക്കുന്നു. ഭിന്നശേഷിക്കാരായ കുട്ടികളെയും ഉൾപ്പെടുത്തി ചെയ്യാവുന്ന ഒരു പ്രവർത്തനമാണിത്. | | |

UP SCIENCE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • ജീവിത സാഹചര്യങ്ങ-ളിൽ നിന്നും ചുറ്റു-പാടുകളിൽ നിന്നും ശാസ്ത്രീയ നിരീക്ഷ-ണത്തിൽ | ജൈവവൈവിധ്യ പാർക്ക്. • ഔഷധത്തോട്ടം • പച്ചക്കറിത്തോട്ടം • ജൈവവേലി, കുളം ഉൾക്കൊള്ളിച്ച് കൊണ്ടുള്ള ജൈവവൈവിധ്യ പാർക്ക് നിർമ്മാണം.<br><br>• പരീക്ഷണങ്ങൾ. നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘുപരീക്ഷണങ്ങളിലൂടെ ശാസ്ത്ര ക്ലാസുകൾ ആരംഭിക്കും. പരീക്ഷണകിറ്റുകൾ നിർമ്മിക്കുന്നു. പരീക്ഷണക്കുറിപ്പ് ഉൾപ്പെടുത്തി ശാസ്ത്രപരീക്ഷണങ്ങളുടെ ഒരു ശേഖരം | അക്കാദമിക വർഷം | ശാസ്ത്രാധ്യാപകർ ഇവർക്കൊപ്പം സയൻസ് ക്ലബ് | പി.ടി.എ. |

അക്കാദമിക് മാസ്റ്റർ

പ്ലാൻ

2025-26

HS വിഭാഗം

Sanskrit 2025-2026.

# * അക്കാദമിക് മാസ്റ്റർ പ്ലാൻ *

## സ്കൂൾതല പ്രവർത്തനങ്ങളുടെ ഫോർമാറ്റ്.

| നമ്പർ | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | ചെലവ് |
|---|---|---|---|---|---|
| 1 | പ്രകൃതി | പ്രകൃതിവരയ്ക്കൽ | 05/6/2025 | സംസ്കൃത സമിതി | 500 |
| 2 | വാചനം | ക്ലാസ് തല വായനാമത്സരം<br>സ്കൂൾതല വായനാമത്സരം | 20/6/25<br>25/6/25 | സംസ്കൃത സമിതി | 1000 |
| 3 | സുഖദം വ്യായാമം | യോഗ പരിശീലന ക്ലാസ് | ജൂലൈ രണ്ടാംവാരം | സംസ്കൃത സമിതി | 2000 |
| | സംസ്കൃത ദിനാചരണം | വിവിധ മത്സരങ്ങൾ സംഘടിപ്പിക്കൽ<br>യാത്ര<br>പ്രദർശനി | 07/08/2025<br>30/08/25 | സംസ്കൃത സമിതി | 5000 |
| 5 | നാടകക്കളരി | നാടകക്യാമ്പ് | സെപ്റ്റംബർ നാലാംവാരം | " | 2000 |
| 6 | സംഭാഷണ കളരി | സംഭാഷണ പരിശീലനക്യാമ്പ് | 1 വർഷം | സംസ്കൃത സമിതി | 2000 |
| 7 | ക്രീഡാ സംസ്കൃതം | സംസ്കൃതപഠനത്തിന് സഹായകമായ കളികൾ | 1 വർഷം | സംസ്കൃത സമിതി | 1000 |
| 8 | സാങ്കേതിക സംസ്കൃതം | ഡിജിറ്റൽമാഗസിൻ പ്രദർശനം | നവംബർ | സംസ്കൃത സമിതി | 2000 |

Prepared by B.KUMARY HST (Sanskrit)
G HSS puthoor.

# Academic Master Plan - Social Science 2025-26

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പഠിതാക്കളെ ചരിത്രാവബോധവും സാമൂഹ്യബോധവും ഉള്ളവരാക്കുക . | കുട്ടികളിൽ തങ്ങളുടെ നാടിന്റെ ചരിത്രമറിയാനും അന്വേഷണത്വര ജനിപ്പിക്കാനും ഗവേഷണാത്മകമായി കണ്ടെത്തിയ കാര്യങ്ങൾ ചിട്ടയോടെ രേഖപ്പെടുത്താനുമായി പ്രാദേശിക ചരിത്ര രചന നടത്തുന്നു . ചരിത്രാവബോധം സൃഷ്ടിക്കുക ഇന്ത്യാചരിത്രം,ലോകചരിത്രം എന്നിവക്കൊപ്പം തന്റെ പ്രദേശത്തിന്റേയും ചരിത്രം അന്വേഷിച്ചറിയാൻ | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ്. |

| | | | | |
|---|---|---|---|---|
| | കൂടിയ അവസരം നൽകുക . ചരിത്രരചനയുടെ വിവിധ വശങ്ങളെ കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ അവസരം നൽകുന്നു . ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക ബോധം മെച്ചപ്പെടുത്തുന്നു . | | | |
| ജനാധിപത്യ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടുള്ള ജീവിതരീതി , പൗരബോധം മൂല്യബോധം ഇവ വളർത്തിയെടുക്കുക | സ്വതന്ത്ര ചിന്തകൾ , ആശയപ്രകടനത്തിനുള്ള അവസരം ഒരുക്കുന്നു . സ്കൂൾ പാർലമെന്റ്, മോക്ക് പാർലമെന്റ് എന്നിവകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു . | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ചരിത്രശേഷിപ്പുകളുടെയും അവ | ചരിത്ര ശേഷിപ്പുകളിലേയ്ക്ക് | വർഷത്തിൽ രണ്ടു | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ, സാമൂഹ്യ ശാസ്ത്ര |

| | | | | |
|---|---|---|---|---|
| സംരക്ഷിക്കേണ്ടതിന്റെയും പ്രാധാന്യം ബോധ്യപ്പെടുത്തുക. | പഠനയാത്രകൾ സംഘടിപ്പിച്ച് ചരിത്ര പഠനം കാര്യക്ഷമമാക്കുന്നു . | തവണ. | | ക്ലബ്ബ് |
| മതേതരത്വം, സഹിഷ്ണുത എന്നിവയുടെ പ്രാധാന്യം ബോധ്യപ്പെടുത്തുകയും സാമൂഹ്യ പരിഷ്കർത്താക്കളെ പരിചയപ്പെടുത്തുകയും ചെയ്യുക . | മഹത് വ്യക്തികളെയും ചരിത്ര സംഭവങ്ങളെയും പരിചയപ്പെടുത്തി അതിനെക്കുറിച്ച് കൂടുതൽ അറിയുവാനും കണ്ടെത്തുവാനും അവസരം നൽകുന്നു.<br><br>ക്ലബ്ബ് പ്രവർത്തനങ്ങളിലൂടെ സാമൂഹിക ബോധം മെച്ചപ്പെടുത്തുന്നു . | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ഭൂപട വിശകലനശേഷി, ദത്ത വിശകലനശേഷി എന്നിവ വളർത്തിയെടുക്കുക. . | ഇന്ത്യൻ ഭൂപ്രകൃതി വൈവിധ്യങ്ങൾ സമഗ്രമായി അറിയാനും വരച്ച് പഠിക്കാനുമായിഅറ്റലസ് നിർമാണം .<br>ഇന്ത്യയുടെ ഭൂപ്രകൃതി | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| | വൈവിധ്യങ്ങൾ തിരിച്ചറിയാൻ കുട്ടിയെ പ്രാപ്തനാക്കുക ഭൂപടവായന , ഭൂപടനിർമാണം,ദത്ത വിശകലനം എന്നിവയിൽ കുട്ടികൾ ഇതുവരെ നേടിയ അറിവുകൾ പ്രയോഗിക്കാനുള്ള അവസരം നൽകുക . | | | |
| വ്യത്യസ്തയിനം മണ്ണിനങ്ങളെക്കുറിച്ചും ജലാശയങ്ങളെ കുറിച്ചും കാറ്റുകൾ സമുദ്രങ്ങൾ പർവ്വതങ്ങൾ എന്നിവകളെയും പരിചയപ്പെടുത്തുക . | ഭൗമോപരിതല സവിശേഷതകളെ പറ്റി പരമാവധി അറിവ് കുട്ടികൾക്ക് ലഭിക്കുന്ന വിധത്തിൽ മാപ്പുകൾ ഗ്ലോബുകൾ ഐസിടി അറ്റ്ലസ് എന്നിവ പ്രയോജനപ്പെടുത്തുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |
| ഓരോ ദിനാചരണത്തിന്റേയും പ്രാധാന്യത്തെ കുറിച്ച് കുട്ടികളിൽ അവബോധം | സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രധാന ദിനങ്ങളുടെ പ്രാധാന്യം ഉദ് ഘോഷിച്ചുകൊണ്ടുള്ള | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

| | | | | |
|---|---|---|---|---|
| സൃഷ്ടിക്കുക . | വിവിധ പ്രവർത്തനപരിപാടികൾ സംഘടിപ്പിക്കുക . | | | |
| കരിക്കുലം ലക്ഷ്യമാക്കുന്ന സാമൂഹ്യ ശാസ്ത്ര പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക. | പഠനപരമായ പിന്നോക്കാവസ്ഥയിലുള്ള കുട്ടികളെ കണ്ടെത്തുകയും അവർക്കു വേണ്ട പിന്തുണാ സംവിധാനങ്ങൾ ഒരുക്കുക . ചിത്രങ്ങൾ , വീഡിയോകൾ സ്കിറ്റുകൾ തുടങ്ങിയവയിലൂടെ കുട്ടികളിൽ പഠന താത്പര്യം ജനിപ്പിക്കുക . നിരന്തരം ഇവരുടെ പഠനപുരോഗതി വിലയിരുത്തുക | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | പിടിഎ, സാമൂഹ്യ ശാസ്ത്ര ക്ലബ്ബ് |

അക്കാദമിക മാസ്റ്റർപ്ലാൻ

2025 - 2026

മലയാളം

# ആമുഖം

ഒരു മനുഷ്യന്റെ ജീവിതപരിതസ്ഥിതിയെ പരുവപ്പെടുത്തുന്നതിൽ മാതൃഭാഷയ്ക്കുള്ള സ്ഥാനം വിലമതിയ്ക്കാനാവാത്തതാണ്. വികാര- വിചാരങ്ങൾ പങ്കുവയ്ക്കുന്നതു മുതൽ വൈജ്ഞാനിക ചിന്തകൾ രൂപപ്പെടുന്നതും സാമൂഹ്യനിർമ്മിതിയിൽ ഇടപെടുന്നതും സ്വപ്നം കാണുന്നതുമെല്ലാം മാതൃഭാഷയിലൂടെയാണ്. ജീവിതമൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ലോകത്തെ അറിയുവാനും ആസ്വദിയ്ക്കുവാനും മാതൃഭാഷയോളം പിന്തുണ നൽകുന്ന മറ്റൊന്നില്ല. അത്തരത്തിൽ വിലയിരുത്തുമ്പോൾ കേവലമൊരു പാഠ്യവിഷയമെന്നോ ബോധനമാധ്യമമെന്നോ പരിമിതി കല്പിക്കാതെ ഏതു പരിതസ്ഥിതിയിലും മനുഷ്യനെ നിലനിർത്തുന്ന ജീവവായുവായി മാതൃഭാഷയെ പരിഗണിക്കേണ്ടതുണ്ട്. അത്തരത്തിൽ പഠനകാലഘട്ടത്തിലും ശേഷവും ഭാഷയെ മികവോടെ കൈകാര്യം ചെയ്യാൻ ഓരോ തലമുറയേയും പ്രാപ്തരാക്കുകയാണ് ഭാഷാപഠനത്തിന്റെ ലക്ഷ്യം. ആ ലക്ഷ്യം സാക്ഷാത്ക്കരിക്കപ്പെടുന്ന മാർഗ്ഗരേഖയാകട്ടെ ഇവിടെ ഉൾക്കൊള്ളുന്നത്.

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീടെസ്റ്റ്<br>2. അക്ഷരം ഉറപ്പിക്കൽ<br>3. അടയാളങ്ങൾ വ്യക്തമാക്കൽ<br>4. അക്ഷരങ്ങളും അടയാളങ്ങളും എഴുതിയ കാർഡ് നൽകൽ<br>5. വാക്കുകൾ നിർമ്മിക്കുക<br>6. വാക്യനിർമ്മാണം<br>7. ഭാഷാപരമായ പിന്നോക്കാവസ്ഥയിലുള്ളവർക്ക് പ്രത്യേക ക്ലാസ്സ്<br>8. ചിത്രം - അടിക്കുറിപ്പ് | ജൂൺ ആദ്യവാരം | ചിത്രങ്ങൾ പുസ്തകങ്ങൾ | പി.ടി.എ അദ്ധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 2. കുട്ടികളിൽ മികച്ച വായനാശീലം വളർത്തുക. | 1. വിദ്യാരംഗം കലാസാഹിത്യ വേദി രൂപീകരണം. | ജൂൺ രണ്ടാംവാരം മുതൽ ആറ് മാസം | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലികങ്ങൾ. | പി.ടി.എ അധ്യാപകർ വിദ്യാരംഗം ക്ലബ്ബ് അംഗങ്ങൾ |
| | 2. സ്കൂൾ ലൈബ്രറിയുടെ കാര്യക്ഷമമായ ഉപയോഗം | | | |
| | 3. വായനാദിനം വായനവാരാചരണം | ജൂൺ-19 മുതൽ ഒരാഴ്ച | | |
| | 4. പുസ്തകചർച്ച | | | |
| | 5. വായനാക്കുറിപ്പ് പതിപ്പ് | | | |
| | 7. ഇ-വായന | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 3 കുട്ടികളിലെ സർഗ്ഗശേഷി വളർത്തുക | 1. വിദ്യാരംഗം ക്ലബ്ബ് അടിസ്ഥാനമാക്കിയുള്ള രചനാമത്സരങ്ങൾ<br>2. സർഗ്ഗരചനാപതിപ്പ്<br>3. സാഹിത്യ-സാംസ്കാരിക ചിത്രഗാലറി<br>4. പുസ്തകചർച്ച<br>5. ഡയറി എഴുത്ത് | 3 മാസം | സ്കൂൾ ഗ്രന്ഥശാല<br>പ്രാദേശിക സാഹിത്യ പ്രതിഭകളുടെ സേവനം | പി.ടി.എ<br>അധ്യാപകർ |
| 4. കേരളീയ കലാരൂപങ്ങളെ കൂടുതൽ പരിചയപ്പെടുത്തുക. | പാഠഭാഗങ്ങളുമായി ബന്ധപ്പെടുത്തി കലാപ്രകടനം.<br>പാഠഭാഗങ്ങളെ ഇതര വ്യവഹാരരൂപങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നു. | " | പ്രാദേശിക കലാകാരന്മാർ | അധ്യാപകർ<br>പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 5. സദസ്സിനെ അഭിമുഖീകരിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക. | 1. പ്രസംഗപരിശീലനം<br>2. മികച്ചപ്രസംഗങ്ങളുടെ വീഡിയോ അവതരണം<br>3. ക്ലാസ്സ്മുറിയിലെ സംവാദം<br>4. ദിവസേന ക്ലാസ്സ്മുറിയിൽ 'ചിന്താവിഷയം' അവതരിപ്പിക്കുക. | ഒക്ടോബർ<br>↓<br>ഡിസംബർ | ഓഡിയോ-വീഡിയോ | ട്രെയിനർ<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 6. സാഹിത്യ-സാംസ്കാരിക പ്രതിഭകളെ കൂടുതൽ മനസ്സിലാക്കുക. | എഴുത്തുകാരുടെ - സാംസ്കാരിക നായക-ന്മാരുടെ ജനന/ചരമ ദിനങ്ങൾ ആചരണം.<br>* ബഷീർദിനാചരണവു-മായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ കഥാപാത്രങ്ങളുടെ വേഷ-പ്പകർച്ച നടത്തുക, കഥാരചനാമത്സരം ഉപന്യാസമത്സരം<br>* കവികളുമായി ബന്ധ-പ്പെടുത്തുമ്പോൾ കാവ്യാലാപനമത്സരം | പ്രമുഖ ദിനങ്ങൾ | സാഹിത്യകൃതി | അദ്ധ്യാപകർ വിദ്യാരംഗം ക്ലബ്ബ് |

മേഖല : അക്കാദമികം

# ഹിന്ദി

## പൊതുവായ ലക്ഷ്യങ്ങൾ

- ✓ സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
- ✓ ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ✓ ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ✓ ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കു.
- ✓ ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

### എട്ടാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയപ്പെടുത്തുന്നു. അക്ഷരങ്ങൾ എഴുതാനും വായിക്കാനും കണ്ടെത്താനും പഠിപ്പിക്കുന്നു. | അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു. ✓ അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു. ✓ ഓഡിയോ വിഷ്വൽ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. ✓ | ഹ്രസ്വം ജൂൺ – ജൂലൈ |
| ആഴ്ചയുടെ പേരുകൾ എന്നിവ പരിചയപ്പെടുത്തുന്നു. | ക്ലാസ്സിലെ ഓരോ വിദ്യാർത്ഥിയുടേയും ജനനതിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. ✓ | മധ്യകാലം ഓഗസ്റ്റ് – സെപ്റ്റംബർ |
| ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു. വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. കാർട്ടൂൺ, ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായനയ്ക്കായി നൽകുന്നു. | ഡിസംബർ – ജനുവരി |

### ഒമ്പതാംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| ഹിന്ദി എഴുതുവാനും വായിക്കുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ | വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങളടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു ✓ | ഹ്രസ്വം ജൂൺ – ജൂലൈ |

| | | |
|---|---|---|
| കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു. | | |
| നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. വാക്യഘടന പരിചയപ്പെടുത്തുന്നു. ചെറിയ ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാനറിയുന്നു. | ചാർട്ടുകൾ നൽകുന്നു. അതിൽ നിന്നും സർവ്വനാമം, വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു. കവിത, കഥ പൂരിപ്പിക്കുവാൻ നൽകുന്നു. സൂചനാ ബോർഡുകൾ എഴുതി ക്ലാസ്സിൽ പ്രദർശിപ്പിക്കുവാൻ പറയുന്നു. | മധ്യം ഓഗസ്റ്റ് - സെപ്റ്റംബർ |
| പോസ്റ്റർ തയ്യാറാക്കുവാനറിയുന്നു. കവിത വായിച്ച് ആസ്വാദന ക്കുറിപ്പ് തയ്യാറാക്കുവാനറിയുന്നു. | പോസ്റ്ററിന്റെ മോഡൽ നൽകുന്നു. വിവിധ വിഷയങ്ങൾ നൽകുന്നു. ക്ലാസ്സിൽ പ്രദർശിപ്പിച്ച് മൂല്യ നിർണ്ണയം നടത്തുന്നു. ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസ്സിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം ഡിസംബർ - നവംബർ |

## പത്താംതരം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുതകളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | നാടകം വേദിയിൽ അവതരിപ്പിക്കുന്നു. സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു. | ഹ്രസ്വം ജൂൺ - ജൂലൈ |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം ഓഗസ്റ്റ് സെപ്റ്റംബർ ഒക്ടോബർ |
| ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നു. കഥയെ തിരക്കഥയായി മാറ്റുവാനാറിയുന്നു. സ്വഭാവ സവിശേഷതകളിന്മേൽ കുറിപ്പ് തയ്യാറാക്കുവാനാറിയുന്നു. ഡയറി എഴുതുവാനറിയുന്നു. | പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു. കഥാപാത്രങ്ങളെ ആസ്പദമാക്കി, ചരിത്രകുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു. എല്ലാ ദിവസവും ഡയറിഎഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം നവംബർ ജനുവരി |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഫിസിക്കൽ സയൻസ് 2025 -26

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണ ചുമതല |
| --- | --- | --- | --- |
| മാനവികതയിൽ ഊന്നിയുള്ള ശാസ്ത്ര ബോധം വളർത്തുക, വിവരശേഖരണ തല്പരരാകുന്നു, സഹകരണ മനോഭാവം വളർത്തുന്നു ,അന്വേഷണ തല്പരത വളർത്തുന്നു. | മാതൃപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുമ്പിൽ കുട്ടികൾ തന്നെ കാണിച്ചു കൊടുക്കാൻ അവസരം നൽകുന്നു. മോഡലുകൾ നിർമ്മിക്കാൻ ആവശ്യമായ കാര്യങ്ങൾ പറഞ്ഞു കൊടുത്ത് കുട്ടികളെ കൊണ്ട് മോഡൽ നിർമ്മിക്കുന്നു.അതിലൂടെ കുട്ടികളെ ശാസ്ത്രത്തിന്റെ വൈവിധ്യമാർന്ന ലോകത്തിലേക്ക് കൈപിടിച്ച് ആനയിക്കുവാനും ശാസ്ത്രത്തിന്റെ രുചി നുണയുവാനും അവസരം ഉണ്ടാകുന്നു | ഒരു അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ഭിന്നശേഷിക്കാരെ ഉൾപ്പെടുത്തി വായനയും എഴുത്തും ചെറു ശാസ്ത്ര ആൽബവും തയാറാക്കൽ ( താല്പര്യം അനുസരിച്ച് ) | ഭിന്നശേഷി വിദ്യാർത്ഥികൾക്കായുള്ള സ്പെഷ്യൽ ടീച്ചറുടെ സഹായത്തോടെ എഴുതുവാൻ കഴിവും താല്പര്യവും ഉള്ള ഭിന്നശേഷി വിദ്യാർത്ഥികളെ കൊണ്ട് ചെറു ശാസ്ത്ര കുറിപ്പുകൾ തയാറാക്കുന്നു.വായനയിൽ താല്പര്യം ഉള്ള ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ലളിതമായ ശാസ്ത്ര പുസ്തകങ്ങൾ നൽകുന്നു .സ്പെഷ്യൽ ടീച്ചറുടെ സഹായത്തോടെ ചെറു ശാസ്ത്ര ആൽബം തയാറാക്കുന്നു | ഒരു അക്കാദമിക വർഷം | സയൻസ് അധ്യാപകർ, സ്പെഷ്യൽ ടീച്ചർ |
| അടുക്കളയിലെ രസതന്ത്രം | സാധാരണയായി അടുക്കളയിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ ശാസ്ത്രനാമം കണ്ടെത്തൽ | ഒരു അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ശാസ്ത്ര ലോകത്തിന്റെ പടവ് കയറൽ | സെമിനാറുകൾ പ്രോജക്ടുകൾ പരീക്ഷണങ്ങൾ മുതലായവ യിലൂടെ കുട്ടികളെ ശാസ്ത്രത്തിന്റെ ഉയർന്ന മേഖലകളിലേക്ക് കൈപിടിച്ച് നടത്തുന്നതിന് അവസരം ഒരുക്കുന്നു | ഒരു അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ശാസ്ത്ര ലാബ് നവീകരണം | എട്ട് ,ഒൻപത് ,പത്ത് ക്ലാസ്സുകളിലെ ഊർജ്ജതന്ത്രം പാഠഭാഗത്തെ പരീക്ഷണങ്ങളുടെ ലിസ്റ്റ് തയാറാക്കൽ ,നിലവിലെ ലാബ് സാധനങ്ങൾ അപ്ഡേറ്റ് ചെയ്യുന്നു, ശാസ്ത്ര ഉപകരണങ്ങൾ,പരീക്ഷണങ്ങൾ തിരഞ്ഞെടുത്ത ക്ലാസ് അടിസ്ഥാനത്തിൽ ചെയ്യുന്നു | ജൂൺ — സെപ്റ്റംബർ | സയൻസ് അധ്യാപകർ |
| പുത്തൻ സാങ്കേതിക വിദ്യയുടെ പരിചയപ്പെടുത്തൽ | ഹൈടെക് ലോകത്ത് ജീവിക്കുന്ന ഈ തലമുറയിലെ കുട്ടികളെ നൂതന സാങ്കേതിക ആശയങ്ങളായ നിർമ്മിത ബുദ്ധി, വെർച്ചൽ റിയാലിറ്റി എന്നിവയുടെ സഹായത്തോടെ വിവിധ ശാസ്ത്ര വിഷയങ്ങൾ പരിചയപ്പെടുത്തൽ. ആധുനിക ലോകത്ത് ജീവിക്കുന്ന പുതുതലമുറയെ അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽ നിന്നും വിമുക്തമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കൽ | ഒരു അക്കാഡമിക വർഷം | സയൻസ് അധ്യാപകർ |
| ശാസ്ത്രമേളകൾ – പങ്കെടുക്കൽ | കുട്ടികളുടെ ശാസ്ത്രാഭിരുചി തിരിച്ചറിയുന്നതിനായി സ്കൂൾതലത്തിൽ ശാസ്ത്രമേള സംഘടിപ്പിക്കൽ. ഉയർന്ന തലങ്ങളിലേക്ക് യോഗ്യത നേടുന്ന കുട്ടികൾക്ക് പരിശീലനം നൽകൽ | മൂന്നു മാസം | സയൻസ് അധ്യാപകർ |
| പഠനപിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ | ശാസ്ത്ര വിഷയങ്ങളിൽ പഠന പിന്നോക്ക അവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ശാസ്ത്ര മാസിക, ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | നൂതന ശാസ്ത്ര ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സയൻസ് മാസികയും പതിപ്പും ഡിജിറ്റൽ ആയി തയ്യാറാക്കൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| ശാസ്ത്രസാഹിത്യം | പ്രത്യേക പരിശീലനം നൽകൽ | ജൂലൈ -- ഫെബ്രുവരി | സയൻസ് അധ്യാപകർ |

| | | | | |
|---|---|---|---|---|
| | ശാസ്ത്രപോഷണം | ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ സമുചിതമായി ആഘോഷിക്കുന്നു . ശാസ്ത്രജ്ഞന്മാരുടെ ജീവചരിത്രക്കുറിപ്പ് തയ്യാറാക്കുന്നു . സയൻസ് ഡയറിയിൽ സമകാലീന ശാസ്ത്രവാർത്തകൾ ചെയ്യുന്നു | ജൂലൈ -- ഫെബ്രുവരി | സയൻസ് ക്ലബ് |
| | പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തൽ | സ്കൂളും പരിസരവും പ്ലാസ്റ്റിക് വിമുക്തമാക്കാൻ ശരിയായ waste disposol അവബോധനക്ലാസ്സുകളും നടത്തൽ | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |
| | പ്രശ്നപരിഹാരബോധനപ്രവർത്തനം | Hard spot കൾ കണ്ടെത്തി കൂടുതൽ വിശദമായ ക്ലാസ്സുകൾ നൽകുന്നു. പ്രശ്നങ്ങൾ പരിഹരിച്ച് കുട്ടികളെ ശാസ്ത്രതല്പരരാക്കുന്നു | അക്കാദമിക വർഷം | സയൻസ് അധ്യാപകർ |

# ഗവ. എച്ച്. എസ്. എസ്. പുത്തൂർ
## അക്കാദമിക മാസ്റ്റർപ്ലാൻ 2025-26

### ജീവശാസ്ത്രം – ഹൈസ്കൂൾ വിഭാഗം

| ശേഷി | പ്രവർത്തനം | കാലം/ സമയം | ചുമതല | ഭൗതികം | പിന്തുണ |
|---|---|---|---|---|---|
| 1. കുട്ടികളുടെ ശാസ്ത്രാഭിരുചി വളർത്തുക | സെമിനാർ, മത്സരങ്ങൾ, പ്രോജക്ടുകൾ, ശാസ്ത്രനാടകം, ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് പ്രദർശനം സെമിനാർ, ക്വിസ്സ്, പ്രോജക്ട് ഇവ ചെയ്യുന്നു. മേളകളുമായി ബന്ധപ്പെട്ട മത്സരങ്ങൾ, ശാസ്ത്രനാടകം, പ്രോജക്ട് ഇവ ചെയ്യുന്നു | ജൂൺ മുതൽ ഡിസംബർ വരെ | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | ചാർട്ട്, കളർസ്കെച്ച് മാർക്കർ പെൻ പേപ്പർ | പിടിഎ, എസ് ആർ ജി, സയൻസ് ക്ലബ്ബ് |
| 2. ശാസ്ത്ര പഠനം സാമൂഹ്യ നന്മക്ക് പ്രാപ്തമാക്കുക | ഊർജ്ജസംരക്ഷണം, പ്രദർശനം, കൃഷി, ശുചിത്വം, ആരോഗ്യ പരിശീലനങ്ങൾ, സെമിനാർ ശാസ്ത്രനേട്ടങ്ങളെ സാമൂഹ്യനന്മക്ക് ഉപയുക്തമാക്കുക | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>സയൻസ് ക്ലബ്ബ് | സയൻസ് ലാബ് വിഭവങ്ങൾ, കൃഷിത്തോട്ടം | പിടിഎ, എസ് ആർ ജി |
| 3. ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ കുട്ടികളിൽ എത്തിക്കുക | സയൻസ് ബുള്ളറ്റിൻ ബോഡ്, സയൻസ് കോർണർ, ശാസ്ത്രമാസിക, ശാസ്ത്ര പഠപുസ്തക രചന. ശാസ്ത്ര രംഗത്തുണ്ടാകുന്ന ഏറ്റവും പുതിയ അറിവുകൾ ഉൾപ്പെടുത്തി ശാസ്ത്ര പുസ്തക നിർമ്മാണം. സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് നിരീക്ഷണ- പരീക്ഷണങ്ങൾക്കും ശാസ്ത്ര പരിപോഷണത്തിനും ഉൾപ്പെടുത്തി സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>എസ് ആർ ജി | കമ്പ്യൂട്ടർ ഇന്റർനെറ്റ് ശാസ്ത്ര ലാബ് | പി ടി എ, റിസോഴ്സ് |
| 4. പരീക്ഷണ നിരീക്ഷണ പാടവം വർദ്ധിപ്പിക്കുക | ഒരു നൂറ് പരീക്ഷണങ്ങൾ ചെലവ് കുറഞ്ഞ സാമഗ്രികൾ ഉപയോഗിച്ച് വലിയ ശാസ്ത്രാശയങ്ങൾ കുട്ടികളിലും സമൂഹത്തിലും എത്തിക്കുന്നതിന് സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പിന്റെ നേതൃത്വത്തിൽ നൂറ് ഫിഫ്റ്റി ട്രിപ്പുകൾ (ഫാക്ടറി സന്ദർശനം ശാസ്ത്രമ്യൂസിയം) | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് | രാസവസ്തുക്കൾ ലാബ് ഉപയോഗം | പിടിഎ, എസ് ആർ ജി |
| 5. സയൻസ് ലാബ് നവീകരണം | അടൽ ടിങ്കറിംഗ് ലാബ് പദ്ധതിയുമായി ബന്ധപ്പെടുത്തി സയൻസ് ലാബ് നവീകരിക്കുന്നു. പഠനം കൂടുതൽ പ്രവർത്തനാധിഷ്ഠിതമാക്കുന്നു. | ജൂൺമുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ | സയൻസ് ലാബ് വിഭവങ്ങൾ | പി ടി എ ടീച്ചേഴ്സ് |
| 6. സയൻസ് ലൈബ്രറി | ശാസ്ത്രസംബന്ധമായ മാസികകൾ, വാരികകൾ, മറ്റ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ ഇവ ഉൾപ്പെടുത്തി സയൻസ് ലൈബ്രറി നിർമ്മിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് ക്ലബ്ബ് | പുസ്തകങ്ങൾ മാസികകൾ വാരികകൾ | പി ടി എ ടീച്ചേഴ്സ് |
| 7. ജൈവ വൈവിധ്യഉദ്യാനം | ജൈവ വൈവിധ്യ ഉദ്യാനം സ്കൂളിന്റെ സ്ഥല പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് ജൈവ വൈവിധ്യ ഉദ്യാനം നിർമ്മിക്കുന്നു. | ജനുവരി മുതൽ മാർച്ച് വരെ | ജൈവ വൈവിധ്യ ക്ലബ്ബ്, അധ്യാപകർ | ടീച്ചേഴ്സ് ഗ്രാന്റ് | പി ടി എ |
| 8. ശാസ്ത്രവുമായി ബന്ധപ്പെട്ട നൂതന ആശയങ്ങൾ രക്ഷിതാക്കളിൽ എത്തിക്കുക | ശാസ്ത്ര ബോധവത്കരണ ക്ലാസ്സ് (രക്ഷിതാക്കൾക്ക്) പോഷകങ്ങളും ആരോഗ്യശീലങ്ങളും (സെമിനാർ) ജലസംരക്ഷണം, മണ്ണ് സംരക്ഷണം, വായു സംരക്ഷണം, ജൈവ വൈവിധ്യ സംരക്ഷണം സെമിനാർ ലഹരി വിരുദ്ധ ബോധവത്കരണം | ജൂൺ മുതൽ മാർച്ച് വരെ | പരിസ്ഥിതി ക്ലബ്ബ്<br>ലഹരി വിരുദ്ധ ക്ലബ്ബ്<br>സയൻസ് ക്ലബ്ബ് | കോൺഫറൻസ് ഹാൾ എൻ സി സി പ്രൊജക്ടർ ലാപ്ടോപ്പ് | പിടിഎ, എസ് ആർ ജി |
| 9. ഐസിടി അധിഷ്ഠിത ശാസ്ത്രപഠനം | ആധുനിക സങ്കേതങ്ങളായ പഠന വിഭവ സിഡികൾ, വെബ്സൈറ്റുകൾ, പോർട്ടലുകൾ, നവമാധ്യമങ്ങൾ, മൊബൈൽ ഫോൺ, ഇന്റർനെറ്റ് സംവിധാനങ്ങൾ, ഇന്ററാക്ടീവ് ക്ലാസ്സ്റൂം എന്നിവ ഉപയോഗപ്പെടുത്തി സൗകര്യം ഒരുക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | ഐ സി ടി കോഡിനേറ്റർ (SITC)<br>സയൻസ് അധ്യാപകർ | ഐ സി ടി ലാബ് ഇന്റർനെറ്റ് ലാപ്ടോപ്പ് ഇന്ററാക്ടീവ് ബോഡ് സമഗ്ര പോർട്ടൽ | പിടിഎ, ലയൺസ് എസ് സി ഇ ആർ ടി |
| 10. പഠന പിന്നോക്കക്കാർക്കായി അധിക പരിശീലനം | ശ്രദ്ധ, നവപ്രഭ പദ്ധതി വിപുലീകരിച്ചുകൊണ്ട് പഠന പിന്നോക്കാവസ്ഥയുള്ള കുട്ടികളെ മറ്റ് കുട്ടികൾക്കൊപ്പം എത്തിക്കുന്നതിനായി പ്രത്യേക പരിശീലനം | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് | വർക്ക് ഷീറ്റുകൾ ചാർട്ട് പഠന സാമഗ്രികൾ | പിടിഎ, ലയൺസ് എസ് ആർ ജി |
| 11. ഗവേഷണ പ്രോജക്ടുകൾ | വ്യക്തിഗത പ്രോജക്ട്, ഗ്രൂപ്പ് പ്രോജക്ട്, അധ്യാപക പ്രോജക്ട് എന്നീ ഗവേഷണ പ്രോജക്ടുകൾ തയ്യാറാക്കും | ജൂൺ മുതൽ മാർച്ച് വരെ | സയൻസ് അധ്യാപകർ<br>സ്റ്റുഡന്റ് റിസോഴ്സ് ഗ്രൂപ്പ് | ലൈബ്രറി സയൻസ് പുസ്തകങ്ങൾ ഇന്റർനെറ്റ്, കമ്പ്യൂട്ടർ | പിടിഎ, എസ് ആർ ജി |

# ACADEMIC MASTER PLAN – MATHEMATICS

## 2025-26

**Learn Math, Live Math, Love Math**

## Vision

താരതമ്യ ബുദ്ധിയുള്ള, ആലോചനാ ശേഷിയുള്ള, പ്രശ്ന പരിഹാര ശേഷിയുള്ള, ഉത്തരവാദിത്തമുള്ള പൗരന്മാരായി വളരുന്ന കുട്ടികളെ ഗണിത ശാസ്ത്രത്തിലൂടെ രൂപപ്പെടുത്തുക.

## Mission

- എല്ലാ നിലവാരത്തിലുമുള്ള കുട്ടികൾക്കും ഐക്യദാർഢ്യത്തോടെ, സാങ്കേതിക വിദ്യയുടെ സഹായത്തോടെ, പങ്കാളിത്വം ഉറപ്പാക്കുന്ന രീതിയിൽ അധ്യാപനം നടത്തുക.

- പഠനം ആസ്വാദ്യകരവും പ്രായോഗികവുമാക്കാൻ അക്കാഡമിക്, നോൺ അക്കാഡമിക് പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക.

- ഗണിത ശാസ്ത്രം ക്ലാസ് റൂം അതിരുകൾക്ക് പുറത്തേക്ക് വ്യാപിപ്പിക്കാൻ പ്രദർശനങ്ങൾ, ദിനാചരണങ്ങൾ, മേളകൾ, മത്സരങ്ങൾ, വർക്ക് ഷോപ്പുകൾ എന്നിവ സംഘടിപ്പിക്കുക.

# ACADEMIC & NON ACADEMIC ACTIVITIES

| MONTH | ACADEMIC FOCUS | | | NON ACADEMIC HIGHLIGHTS |
|---|---|---|---|---|
| | VIII | IX | X | |
| JUNE | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) വർഗങ്ങൾ, തുല്യത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമവാക്യ ജോഡികൾ, ബ്രിഡ്ജ്– ദശാംശ രൂപങ്ങൾ, പുതിയ സംഖ്യകൾ & ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ഒപ്പത്തിനൊപ്പം (ചതുഷ്ക്രിയ അവബോധ പരിശോധനയും പരിഹാര ബോധനവും) സമാന്തര ശ്രേണികൾ, വൃത്തങ്ങളും കോണുകളും, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ക്ലബ് ഉദ്ഘാടനം<br>• Problem of the week - തുടക്കം<br>• Maths Bulletin Board സ്ഥാപിക്കൽ<br>• ജൂൺ 19 Pascal ജന്മദിനാചരണം |
| JULY | തുല്യത്രികോണങ്ങൾ, വർഗസമവാക്യങ്ങൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | പുതിയ സംഖ്യകൾ, ബ്രിഡ്ജ് – ത്രികോണ പരപ്പ്, സമാന്തരവരകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വൃത്തങ്ങളും, കോണുകളും, സമാന്തര ശ്രേണിയും, ബീജഗണിതവും, സാധ്യതകളുടെ ഗണിതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഗണിതമേളയുമായി ബന്ധപ്പെട്ട വർക്ക് ഷോപ്പ്<br>• Weekly Maths Joutnal പ്രസിദ്ധീകരിക്കുന്നു.<br>• Maths Talent Test |
| AUGUST | ബഹുപദങ്ങൾ, സമവാക്യപരിഹാരം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | ഗുണന സമവാക്യങ്ങൾ, അഭിന്നക ഗുണനം, ഒന്നാം പാദവാർഷിക പരീക്ഷ & PTM | രണ്ടാംകൃതി സമവാക്യങ്ങൾ, ത്രികോണമിതി, ഒന്നാം പാദവാർഷിക പരീക്ഷ & PTM | • ഗണിതക്വിസ്സ് മത്സരം<br>• ഗണിത മാഗസിൻ<br>• Peer Tutoring – Teach a Topic മത്സരം |
| SEPTEMBER | പുതിയ സംഖ്യകൾ, സമഭാജികൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | അഭിന്നക ഗുണനം, സദൃശ ത്രികോണങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ത്രികോണമിതി, സൂചക സംഖ്യകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സ്കൂൾ ഗണിതമേള<br>• Geo Gobra ൽ പ്രത്യേക പരിശീലനം<br>• Sep – 5 Teachers Day കുട്ടി ടീച്ചർ മത്സരം |

| | | | | |
|---|---|---|---|---|
| OCTOBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | ബ്രിഡ്ജ് – വൃത്തങ്ങൾ, വൃത്തങ്ങളുടെ അളവുകൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • സബ്ജില്ല ഗണിത മേളക്ക് കുട്ടികളെ സജ്ജമാക്കുക. <br> • Maths Pazzle Day സംഘടിപ്പിക്കുക (2nd Week) |
| NOVEMBER | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | രേഖീയ സംഖ്യകൾ, ബഹുപദങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | • ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുക. <br> • '0' യുടെ പ്രാധാന്യം വിളിച്ചോതാൻ ഉതകുന്ന പ്രോഗ്രാം (Without '0' the world is nothing, Write a letter to zero) <br> • Nov-4 ശകുന്തള ദേവി |
| DECEMBER | Vol II പാഠഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | വൃത്തഭാഗങ്ങൾ, അർദ്ധ വാർഷിക പരീക്ഷ & PTM | Vol II പാഠഭാഗങ്ങൾ പൂർത്തീകരിക്കുന്നു, അർദ്ധ വാർഷിക പരീക്ഷ & PTM | • ദേശീയ ഗണിതദിനം (Dec 22) ആഘോഷം |
| JANUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | സ്തംഭങ്ങൾ, ബഹുപദ ചിത്രങ്ങൾ, അനുപാതം, ക്ലാസ് ടെസ്റ്റ് & പരിഹാര ബോധനം | വിജയഭേരി | • പോസ്റ്റർ നിർമ്മാണം (Maths for Nation Building) |
| FEBRUARY | Vol II പാഠഭാഗങ്ങൾ, ക്ലാസ് ടെസ്റ്റ്& റിവിഷൻ | അനുപാതം, സ്ഥിതി വിവരകണക്ക്, ക്ലാസ് ടെസ്റ്റ് & റിവിഷൻ | റിവിഷൻ, മോഡൽ പരീക്ഷ & PTM | • Pi - ചരിത്രവും പ്രാധാന്യവും പ്രോഗ്രാം |
| MARCH | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | വാർഷിക പരീക്ഷ | • SSLC വിദ്യാർത്ഥികൾക്ക് തിരിഞ്ഞു നോട്ടം |

HOD
Maths Department